**56. മുട്ടത്തുകോണം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം**

**ഇടവകയുടെ ആരംഭം** - ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത 1930-ൽ തുമ്പമൺ നോർത്ത് മുട്ടത്തുകോണം മണ്ണടിവീട്ടിൽ വർഗീസിന്റെ ഭവനത്തിൽ വച്ച് (യാക്കോബായ സഭയിൽ നിന്ന് 2 കുടുംബങ്ങൾ- വർഗീസ് മണ്ണടിവീട്ടിൽ, ഗീവർഗീസ് പുത്തൻമണ്ണിൽ) 2 കുടുംബങ്ങളെ കത്തോലിക്കാ സഭയിലേക്ക് ചേർത്തു. പിന്നീട് മറ്റ് പല കുടുംബങ്ങളും ചേർക്കപ്പെട്ടു.

**ചാപ്പൽ** - ശ്രീ.ചാക്കോ തടത്തിലിന്റെ കുടുംബവസ്തു ആയിരുന്ന 60 സെന്റ് വസ്തു അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് പള്ളിയ്ക്കുവേണ്ടി 1939-ൽ വാങ്ങി. രാമൻചിറയിൽ ആയിരുന്നു വൈദികർ താമസിച്ചത്.

**വികാരിമാർ** - ബഹു.ദാനിയേൽ പുത്തൻപുരയിൽ, ജോസഫ് മൈലാടിയിൽ, തോമസ് ആമ്പശ്ശേരിൽ, മത്തായി മലഞ്ചരുവിൽ, ജേക്കബ് കിഴക്കേടത്ത് എന്നിവർ ചാപ്പലിൽ കുർബാന അർപ്പിച്ചു.

**പുനരൈക്യം** - ഓർത്തഡോക്സ് സഭയിൽ നിന്നും പുനരൈക്യപ്പെട്ട പലരും ഓർത്തഡോക്സ് സഭയിലേക്ക് തിരികെപോയി, കാരണം സെമിത്തേരി സ്വന്തമായി ഇല്ലായിരുന്നു. ഈഴവ സമുദായത്തിൽ നിന്നും ചേർന്നവരും തിരികെപോയി.

**പുതിയ ദൈവാലയം** - 1964 ഡിസംബർ 27ന് അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ് യാത്രാ സൗകര്യത്തിനായി പ്രധാന റോഡിനോട് ചേർന്ന് 45 സെന്റ് സ്ഥലം വാങ്ങുകയും പുതിയ ദൈവാലയത്തിന് തറക്കല്ലിടുകയും ചെയ്തു. ഇപ്പോൾ കാണുന്ന ദൈവാലയം ബഹു.തോമസ് പ്ലാവിളയില അച്ചൻ 1966-ൽ പണികഴിപ്പിച്ചതാണ്.

**പുതിയ മദ്ബഹ** - 2005-ൽ വികാരിയായിരുന്ന ബഹു.കോശി ചിറക്കരോട്ട് അച്ചനാണ് പണികഴിപ്പിച്ചത്. മദ്ബഹായിൽ അന്നുവരച്ച ചിത്രങ്ങൾ ഇന്നും ശോഭയോടെ കാണപ്പെടുന്നു.

**ദൈവവിളി** - പിള്ളശേരിൽ കിഴക്കേതിൽ പരേതനായ കെ.എം. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൻ ഫ്രാൻസിസ് സേവ്യർ ഒ.ഐ.സി. അച്ചൻ നവംബർ 14, 1990 മരണമടഞ്ഞു, സഹോദരി സിസ്റ്റർ എയിമാഡ് എസ്.ഐ.സി. ഇപ്പോൾ നാലാഞ്ചിറ മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

**പ്രധാന സംഭവം** - 1930-ൽ മാർ ഈവാനിയോസ് പിതാവിന്റെ സന്ദർശനം

1978-ൽ മാർ ഗ്രീഗോറിയോസ് പിതാവിന്റെ ഇടവക സന്ദർശനം

**ഇടവക വിവരങ്ങൾ**

ഇപ്പോൾ ആകെ 24 കുടുംബങ്ങൾ

മൊത്തം നിലവിൽ ഉള്ള അംഗങ്ങൾ - 76 പേർ

തുടങ്ങിയപ്പോൾ ഉള്ള കുടുംബങ്ങൾ - 2 കുടുംബങ്ങൾ; 17 കുടുംബങ്ങൾ

മറ്റ് സ്ഥലത്ത് പോയി താമസിക്കുന്നവർ - 10 കുടുംബങ്ങൾ / 40 പേർ

ഇപ്പോൾ വിദേശത്ത് ജോലിചെയ്യുന്നവർ - 10 പേർ

ഡോക്ടേഴ്സ് - 5 പേർ

എഞ്ചിനിയേഴ്സ് - 2 പേർ

**ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദീകർ**

1. ഫാ. തോമസ് പ്ലാവിളയിൽ
2. ഫാ. മാത്യു തേക്കുംകാട്ടിൽ
3. ഫാ. കുരിയാക്കോസ് കോയിക്കലേത്ത്
4. ഫാ. സാമുവേൽ തെങ്ങുവിളയിൽ
5. ഫാ. സാമുവേൽ കാട്ടുകല്ലിൽ (സാമുവേൽ മാർ ഐറേനിയോസ്)
6. ഫാ. ജോൺ കെ.വി.
7. ഫാ. ജോസഫ് കടയ്ക്കംപള്ളിൽ
8. ഫാ. തോമസ് എഴിയത്ത്
9. ഫാ. തോമസ് നെരിയാട്ടിൽ
10. ഫാ. ജോർജ്ജ് കുറ്റിയിൽ
11. ഫാ. കോശി ചിറക്കരോട്ട്
12. ഫാ. തോമസ് പുതുപ്പറമ്പിൽ
13. ഫാ. മോൻസി കളീയ്ക്കൽ
14. ഫാ. വർഗീസ് വിളയിൽ
15. ഫാ. മാത്യു കയ്യാലയ്ക്കൽ
16. ഫാ. ദാനിയേൽ കോയിക്കൽ
17. ഫാ. മാത്യു തടത്തിൽ
18. ഫാ. ജോൺ ജി. വടക്കേപുറം
19. ഫാ. സഖറിയാസ് പുഷ്പവിലാസം